# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 10.11.2024**

## പ്രധാനവാർത്തകൾ

1. സുവർണതീരമായി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം; നാല് മാസം കൊണ്ട് കൈകാര്യം ചെയ്തത് ഒരു ലക്ഷം T.E.U ചരക്ക് നീക്കം; ഖജനാവിലെത്തിച്ചത് 7.4 കോടി രൂപ.
2. ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട്ടിലും, ചേലക്കരയിലും നാളെ കൊട്ടിക്കലാശം; വോട്ടെടുപ്പ് ബുധനാഴ്ച; പാലക്കാടും പ്രചാരണം ശക്തം.
3. വിനോദസഞ്ചാര വികസനത്തിന് വഴിയൊരുക്കുന്ന സീപ്ലെയിൻ സർവീസ് നാളെ മന്ത്രി പി.എ മുഹമ്മദ് റിയാസ് കൊച്ചിയിൽ ഫ്ളാഗ് ഓഫ് ചെയ്യും.
4. സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് നാളെ കൊടിയിറങ്ങും; കപ്പുറപ്പിച്ച് തിരുവനന്തപുരം ജില്ല.
5. ഇന്ത്യ - ദക്ഷിണാഫ്രിക്ക ട്വന്റി - 20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്.

. ***********************

RNU TVPM

## വിഴിഞ്ഞം- വി എൻ വാസവൻ

പുതിയ നേട്ടവുമായി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. ട്രയൽ റൺ ആരംഭിച്ച് നാല് മാസം പിന്നിടുമ്പോൾ ഒരു ലക്ഷം TEU ചരക്ക് കൈകാര്യം ചെയ്യെന്ന നാഴികക്കല്ലാണ് വിഴിഞ്ഞം സ്വന്തമാക്കിയിരിക്കുന്നത്. ഇന്നലെ വരെയുള്ള കണക്കനുസരിച്ച് നാല് മാസത്തിനിടെ 46 കപ്പലുകളാണ് ഇവിടെയെത്തിയത്. തുറമുഖം അടുത്ത മാസം കമ്മീഷൻ ചെയ്യാൻ ഇരിക്കവെയാണ് നേട്ടം. 7.4 കോടി രൂപയുടെ വരുമാനമാണ് വിഴിഞ്ഞത്ത് നിന്നും GST ഇനത്തിൽ സർക്കാർ ഖജനാവിലേക്ക് എത്തിയത്. കേരളത്തിൻറെ വികസന ചരിത്രത്തിൽ പുതിയ യുഗത്തിന് തുടക്കം കുറിച്ചിരിക്കുകയാണ് വിഴിഞ്ഞം തുറമുഖമെന്ന് മന്ത്രി വി എൻ വാസവൻ സമൂഹ മാധ്യമത്തിൽ കുറിച്ചു. ലോകത്തെ ഏറ്റവും വലിയ ചരക്ക് കപ്പലുകളുടെ ശ്രേണിയിൽപ്പെടുന്ന M.S.C ക്ലോഡ് ഗിരാർഡെറ്റ്, അന്ന, വിവിയാന, എന്നീ കപ്പലുകൾ ഇതിനകം വിഴിഞ്ഞത്ത് എത്തിച്ചേർന്നിട്ടുണ്ട്.

**********************

## ഉപതിരഞ്ഞെടുപ്പ് (ഇൻട്രോ)

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന സംസ്ഥാനത്തെ വയനാട് ലോക്സഭാ മണ്ഡലത്തിലും ചേലക്കര നിയമസഭാ മണ്ഡലത്തിലും പരസ്യപ്രചാരണം നാളെ സമാപിക്കും. മറ്റന്നാൾ നിശബ്ദ പ്രചാരണമാണ്. ബുധനാഴ്ചയാണ് ഇവിടങ്ങളിൽ വോട്ടെടുപ്പ്. വയനാട് ലോക്സഭാ മണ്ഡലത്തിൽ അവസാന മണിക്കൂറുകളിൽ

RNUTVPM

മുന്നണികൾ പ്രചാരണം അതിശക്തമാക്കിയിട്ടുണ്ട്. അവസാന ലാപ് പ്രചാരണത്തിനായി UDF സ്ഥാനാർത്ഥി പ്രിയങ്കാഗാന്ധി ഇന്നെത്തും. നാളെ രാഹുൽ ഗാന്ധിയും എത്തുന്നുണ്ട്. എൽഡിഎഫ് സ്ഥാനാർത്ഥി സത്യൻ മൊകേരിയുടെ പ്രചാരണം മാനന്തവാടിയിലും NDA സ്ഥാനാർത്ഥി നവ്യ ഹരിദാസിൻറെ പ്രചാരണം ഇന്ന് തിരുവമ്പാടി നിയോജകമണ്ഡലത്തിലുമാണ്. ചേല ക്കര മണ്ഡലത്തിൽ തെരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ മുൻനിര നേതാക്കളെല്ലാം എത്തിക്കഴിഞ്ഞു.

**വിശദാംശങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്..................**

**(വോയ്സ്)**

ഈ മാസം 20 ന് വോട്ടെടുപ്പ് നടക്കുന്ന പാലക്കാട് നിയമസഭാ മണ്ഡലത്തിൽ മൂന്ന് മുന്നണികളും ഊർജ്ജിത പ്രചാരണത്തിലാണ്. മൂന്നിടങ്ങളിലേയും വോട്ടെണ്ണൽ നവംബർ 23 ന് നടക്കും.

**********************

<u>**സീപ്ലെയിൻ സർവീസ്**</u>

കേരളത്തിലെ വിനോദസഞ്ചാര വികസനത്തിന് വഴിയൊരുക്കുന്ന സീപ്ലെയിൻ സർവീസ് നാളെ മന്ത്രി പി.എ മുഹമ്മദ് റിയാസ് കൊച്ചിയിൽ ഫ്ളാഗ് ഓഫ് ചെയ്യും. ഫ്ളാഗ് ഓഫിനു ശേഷം ഇടുക്കിയിലെ മാട്ടുപ്പെട്ടിയിലേക്ക് സർവീസ് നടത്തുന്ന വിമാനത്തിന് മന്ത്രി റോഷി അഗസ്റ്റിൻറെ നേതൃത്വത്തിൽ സ്വീകരണം നൽകും. കേന്ദ്ര സർക്കാരിൻറെ ഉഡാൻ റീജിയണൽ കണക്ടിവിറ്റി പദ്ധതിക്ക് കീഴിലുള്ള സീപ്ലെയിൻ സർവീസാണ്

RNUTVPM

സംസ്ഥാനത്ത് ആരംഭിക്കുന്നത്. പരീക്ഷണപ്പറക്കലിനായി വൈകിട്ട് 3.15 ന് ആണ് സീപ്ലെയ്ൻ കൊച്ചി ബോൾഗാട്ടി മറീനയിൽ എത്തുക. പരീക്ഷണ പറക്കലുമായി ബന്ധപ്പെട്ട് കൊച്ചി ബോൾഗാട്ടി മറീന പരിസരത്ത് വാട്ടർ മെട്രോ ഉൾപ്പെടെ മറ്റു ബോട്ടുകൾക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തുമെന്ന് എറണാകുളം ജില്ലാ കളക്ടർ അറിയിച്ചു.

**********************

## സപ്ലൈകോ എം ഡി

ഭക്ഷ്യസുരക്ഷയുടെ ഭാഗമായി നടക്കുന്ന വാതിൽപടി വിതരണം മുടങ്ങില്ലെന്ന് സപ്ലൈകോ മാനേജിംഗ് ഡയറക്ടർ അറിയിച്ചു. ബിൽ കുടിശികയെ തുടർന്ന് ട്രാൻസ്പോർട്ടിങ് കരാറുകൾ സമരത്തിലേക്ക് നീങ്ങുകയാണെന്ന് നേരത്തെ അറിയിച്ചിരുന്നു. കരാറുകാരുമായി സപ്ലൈകോ മാനേജിങ് ഡയറക്ടർ നടത്തിയ ചർച്ചയിൽ, ഒരാഴ്ചയ്ക്കുള്ളിൽ കുടിശ്ശിക തുകയുടെ ആദ്യ ഗഡു നൽകുമെന്ന് അറിയിച്ചിട്ടുണ്ട്. ഇതേതുടർന്നാണ് കരാറുകാർ സമരത്തിൽ നിന്ന് പിൻവാങ്ങാൻ ധാരണയായത്.

**********************

## വയനാട് ഭക്ഷ്യ വിഷബാധ

വയനാട് ചൂരൽമലയിൽ ഭക്ഷ്യ വിഷബാധയെ തുടർന്ന് ചികിത്സയിലായിരുന്ന രണ്ട് കുട്ടികൾ ആശുപത്രി വിട്ടു. ഉരുൾപൊട്ടൽ ദുരന്തബാധിതർക്ക് നൽകിയ ഭക്ഷ്യവസ്തുക്കൾ കഴിച്ചതിനെ തുടർന്നാണ് കുട്ടികൾക്ക് ആരോഗ്യപ്രശ്നം ഉണ്ടായത് എന്നാണ് റിപ്പോർട്ട്.

**********************

RNUTVPM

**കേന്ദ്ര ഗവൺമെൻറ് - ജോർജ്ജ് കുര്യൻ**

കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻറെ ആഭിമുഖ്യത്തിൽ കേന്ദ്ര പദ്ധതികളെ കുറിച്ചുള്ള അഞ്ച് ദിവസത്തെ ബോധവൽക്കരണ- പ്രദർശന പരിപാടിക്ക് നാളെ എറണാകുളത്ത് തുടക്കമാകും. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പരിപാടി ഉദ്ഘാടനം ചെയ്യും. വിവിധ വിഷയങ്ങളിൽ വിദഗ്ധർ പ്രഭാഷണം നടത്തും. തപാൽ വകുപ്പിൻറെ ആധാർ സേവനങ്ങൾ, ദേശീയ ആയുഷ് മിഷൻറെ ആയുർവേദ, ഹോമിയോ മെഡിക്കൽ ക്യാമ്പുകൾ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്.

***********************

**സൈബർ തട്ടിപ്പിന്-ചേർത്തല (ഇൻട്രോ)**

സംസ്ഥാനത്തെ ഏറ്റവും വലിയ സൈബർ തട്ടിപ്പിന് ഇരയാകുന്നതിൽ ആലപ്പുഴ ചേർത്തലയാണ് മുന്നിൽ . സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ ജില്ലയിൽ ജാഗ്രത നിർദ്ദേശം പുറപ്പെടുവിച്ചിരിക്കുകയാണ് ജില്ലാ പോലീസ്.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ.രവികുമാർ .....**

**(വോയ്സ്)**

***********************

**ക്രിക്കറ്റ്**

ഇന്ത്യ - ദക്ഷിണാഫ്രിക്ക ട്വൻറി -20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. ദക്ഷിണാഫ്രിക്കയിലെ സെൻ്റ് ജോർജ് പാർക്ക് ക്രിക്കറ്റ് ഗ്രൗണ്ടിൽ രാത്രി 7.30-നാണ് മത്സരം. ആദ്യ മത്സരത്തിൽ ഇന്ത്യ ആതിഥേയരെ

RNU TVPM

പരാജയപ്പെടുത്തിയിരുന്നു. പരമ്പരയിലെ മൂന്നാം മത്സരം ബുധനാഴ്ചയും നാലാം മത്സരം വെള്ളിയാഴ്ചയും നടക്കും.

*********************

## കേരള സൂപ്പർ ലീഗ് (ഇൻട്രോ)

പ്രഥമ സൂപ്പർ ലീഗ് കേരളയുടെ കിരീടപ്പോരാട്ടത്തിന് ഇന്ന് കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയം വേദിയാകും. രാത്രി 8 മണിക്കാണ് മത്സരം.

**വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി സുരേഷ് എടപ്പാൾ...........**

**(വോയ്സ്)**

*********************

## ഡൽഹി ഗണേഷ്

തെന്നിന്ത്യൻ നടൻ ഡൽഹി ഗണേഷ് അന്തരിച്ചു. 80 വയസായിരുന്നു. വാർധക്യസഹജമായ അസുഖങ്ങളെ തുടർന്ന് ചെന്നൈയിലായിരുന്നു അന്ത്യം. സംസ്കാരം ഇന്ന് ചെന്നൈയിൽ നടക്കും. തമിഴ്,മലയാളം, തെലുങ്ക്, കന്നഡ എന്നീ ഭാഷകളിലായി നിരവധി ചലച്ചിത്രങ്ങളിൽ അദ്ദേഹം അഭിനയിച്ചിട്ടുണ്ട്.

RNUTVPM

*********************

## ശബരിമല

മണ്ഡല-മകരവിളക്ക് തീർത്ഥാടനത്തിനായി ശബരിമല ക്ഷേത്രനട ഈ മാസം 15-ന് തുറക്കും. 16 മുതൽ അടുത്തമാസം 26 വരെ എല്ലാ ദിവസവും പൂജ ഉണ്ടാകും. അടുത്തമാസം 26-നാണ് മണ്ഡലപൂജ.

*********************

**കാനഡ S.D.S വീസ**

ഇന്ത്യൻ വിദ്യാർഥികൾക്ക് കനത്ത തിരിച്ചടി സൃഷ്ടിച്ച് സ്റ്റുഡന്റ് ഡയറക്ട് സ്ട്രീം -S.D.S വീസ പദ്ധതി നിർത്തലാക്കി കാനഡ. 2018 ൽ ഇന്ത്യയുൾപ്പെടെ 14 രാജ്യങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് വീസ അപേക്ഷാ നടപടികൾ അതിവേഗത്തിലും ലളിതവുമാക്കുന്നതിനാണ് പദ്ധതി അവതരിപ്പിച്ചത്.

**********************

**കോട്ടയം - ബികോം വിദ്യാർഥി**

കോട്ടയം ഏറ്റുമാനൂരിൽ നിന്നും കാണാതായ സുഹൈൽ നൗഷാദിനെ മരിച്ചനിലയിൽ കണ്ടെത്തി. പേരൂർ പൂവത്തുംമൂട്ടിൽ മീനച്ചിലാറ്റിൽ നിന്നു കണ്ടെത്തിയ മൃതദ്ദേഹം കോട്ടയം മെഡിക്കൽ കോളേജ് മോർച്ചറിയിലേക്ക് മാറ്റി. ബികോം വിദ്യാർഥിയായ സുഹൈലിനെ കഴിഞ്ഞ വ്യാഴാഴ്ചയാണ് കാണാതായത്.

**********************

**ലോക രോഗ പ്രതിരോധ ദിനം**

പകർച്ചവ്യാധികൾ തടയുന്നതിലും പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിലും വാക്സിനുകളുടെ പങ്കിനെക്കുറിച്ച് അവബോധം വളർത്താൻ ലക്ഷ്യമിട്ട് ഇന്ന് ലോക രോഗ പ്രതിരോധ ദിനം. പ്രതിരോധ കുത്തിവയ്പ്പ് സംരംഭങ്ങളിലൂടെ, പോളിയോ, മാതൃ- നവജാത ടെറ്റനസ്, അഞ്ചാംപനി, ഹെപ്പറ്റൈറ്റിസ് ബി എന്നിവയുൾപ്പെടെ നിരവധി മാരക രോഗങ്ങളെ ഇല്ലാതാക്കുന്നതിൽ ഇന്ത്യ ഗണ്യമായ പുരോഗതി കൈവരിച്ചു കഴിഞ്ഞു.

**********************

RNU TVPM

## ഏഷ്യൻ ഹോക്കി

ഏഷ്യൻ ഹോക്കി വനിതാ ചാമ്പ്യൻസ് ട്രോഫി പരമ്പരയ്ക്ക് നാളെ ബീഹാറിലെ രാജ്ഗിറിൽ തുടക്കം. ഇന്ത്യയ്ക്ക് പുറമെ ചൈന, ജപ്പാൻ, മലേഷ്യ, തായ്‌ലൻഡ്, കൊറിയ എന്നീ ടീമുകൾ പങ്കെടുക്കുന്ന പരമ്പര, നാളെ വൈകിട്ട് ബീഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ ഉദ്ഘാടനം ചെയ്യും. ജപ്പാനും കൊറിയയും തമ്മിലാണ് ഉദ്ഘാടന മത്സരം. ഈ മാസം 20 നാണ് ഫൈനൽ.

***********************

## നാവിക അക്കാദമി-തിങ്ക് -ക്യു

നാവികസേനയുടെ നേതൃത്വത്തിൽ നടന്ന മൂന്നാമത് തിങ്ക് -ക്യു ക്വിസ് മത്സരത്തിൽ ജയ്പൂരിലെ , ജയശ്രീ പെരിവാൾ ഹൈസ്കൂൾ ജേതാക്കളായി. ഏഴിമലയിലെ ഇന്ത്യൻ നാവിക അക്കാദമിയുടെ നളന്ദ ബ്ലോക്കിൽ നടന്ന ഗ്രാൻഡ് ഫിനാലെയിൽ എട്ടു ടീമുകളാണ് ഫൈനലിൽ മത്സരിച്ചത്.

***********************

************

***

RNU TVPM